വിക്ടേഴ്സ് ചാനലിൽ വന്ന മലയാളം ക്ലാസ്സുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

അടിസ്ഥാന പാഠാവലി- X- ശ്രീനാരായണഗുരു - 02

28 -12 -2020

മുൻ ക്ലാസ്സിൽ പറഞ്ഞ ആശയങ്ങൾ ഓർമ്മപ്പെടുത്തുകയും നൽകിയ തുടർ പ്രവർത്തനത്തെ കുറിച്ച് അന്വേഷിക്കുകയും ചെയ്തു.

■ഇന്ത്യയിലെ മറ്റ് സാമൂഹ്യ പരിഷ്കർത്താക്കളിൽ നിന്നും ശ്രീനാരായണഗുരുവിനുള്ള വ്യത്യാസങ്ങൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കൽ.

ലേഖനത്തിന്റെ തുടർ ഭാഗത്തിലേക്ക് കടന്നു

വായന

[ പ്രപഞ്ചത്തിന്റെ മിത്യത്വത്തിൽ .........മാതൃകയാക്കേണ്ടതാണ് ]

■ ഈ പ്രപഞ്ചം യാഥാർത്ഥ്യമല്ലെന്ന് കരുതി കർമ്മങ്ങൾ ചെയ്യാതെ അലസജീവിതം നയിക്കുന്ന ഇന്ത്യൻ സന്യാസിമാർക്ക് ഗുരുവിന്റെ ജീവിതം ഒരു മാതൃകയാണ്.

എന്തുകൊണ്ടാണ് ഗുരുവിന്റെ ജീവിതം മറ്റ് സന്യാസിമാർക്ക് മാതൃകയാകുന്നത് എന്ന ആലോചനയിലേക്ക് കടന്നു.

■സേവന മാർഗ്ഗത്തിൽ സമർപ്പിച്ചതാണ് ഗുരുവിന്റെ ജീവിതം

■അപരരായ മനുഷ്യരുടെ ജീവിതം മാറ്റി തീർക്കാൻ അവർക്ക് പിന്തുണയായി ഗുരു നിന്നു

■അനുബന്ധമായി രവീന്ദ്രനാഥ ടാഗോറിന്റെ 'ഗീതാഞ്ജലിയിലെ ' ആശയങ്ങൾ ഓർമ്മപ്പെടുത്തി.

■ഭജനം പൂജനമാരാധനയും സാധനയും

ഹേ നിർത്തുക സാധോ .

നീ ധ്യാനിച്ചിരിക്കുന്ന ദേവാലയത്തിന്റെ മൂലയിലല്ല ഈശ്വരൻ കുടികൊള്ളുന്നത്.

കണ്ണുകൾ തുറന്ന് നോക്കുക.

പാറ പൊട്ടിച്ച് നുറുക്കി വഴിയൊരുക്കുന്നവരോടൊപ്പം നീ ചേരുക .നിലമുഴുതു മറിക്കുന്നവരോടൊപ്പം നിൽക്കുക .നിന്റെ വെളുത്ത വസ്ത്രം ഉപേക്ഷിച്ച് നീ അവരിലേക്ക് ഇറങ്ങുക. അവിടെയാണ് ഈശ്വരസാന്നിധ്യമുള്ളത്.

■ടാഗോർ ഗീതാഞ്ജലിയിൽ നടത്തിയ ആഹ്വാനം സ്വന്തം ജീവിതത്തിൽ നടപ്പിലാക്കിയ സന്ന്യാസി ശ്രേഷ്ഠനാണ് ശ്രീനാരായണഗുരു.

■ശ്രീനാരായണഗുരുവും രവീന്ദ്രനാഥ ടാഗോറും തമ്മിലുള്ള കൂടിക്കാഴ്ച്ചയെ സാന്ദർഭികമായി ഓർമ്മപ്പെടുത്തി.

■ജാതിവ്യവസ്ഥയാൽ സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കേണ്ടിവന്ന മനുഷ്യരുടെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ഉന്നമനത്തിനുവേണ്ടി ഗുരു പ്രയത്നിച്ചു.

■അപരവൽക്കരിക്കപ്പെട്ടവരുടെ മനുഷ്യാവകാശ പ്രവർത്തനങ്ങളോടൊപ്പം ഗുരു നിന്നു .

എന്തുകൊണ്ടാണ് മറ്റ് ഇന്ത്യൻ സന്യാസിമാർ ശ്രീനാരായണഗുരുവിനെ
മാതൃകയാക്കേണ്ടത് എന്നതിന്റെ വസ്തുതകൾ അക്കമിട്ടു പറഞ്ഞു.

1 ഗുരു സാധാരണ മനുഷ്യരോടൊപ്പം നിന്നു
(അധ:കൃതവർഗ്ഗോദ്ധാരകൻ)

■1924 മാർച്ച് 30 ന് , അവർണ്ണരായ മനുഷ്യരുടെ സഞ്ചാര സ്വാതന്ത്ര്യത്തിനു വേണ്ടി നടന്ന വൈക്കം സത്യഗ്രഹത്തിൽ ഗുരു ഇടപെടുകയും പിന്തുണക്കുകയും ചെയ്തു.

■വെല്ലൂർ മഠം സത്യഗ്രഹികൾക്കായി തുറന്നു കൊടുത്തു

■ശിവഗിരിയിൽ വൈക്കം സമര സഹായനിധി ശേഖരിച്ചു.

2 മനുഷ്യജാതി എന്ന ആശയത്തെ ഇന്ത്യൻ സമൂഹത്തിൽ ആദ്യമായി അവതരിപ്പിച്ചു.

■ലോകത്തോളം വിശാലമായ , മനുഷ്യജാതി എന്ന ആശയം ആദ്യമായി സമൂഹത്തിന് പരിചയപ്പെടുത്തിയത് ശ്രീനാരായണഗുരുവാണ്.

■ഗുരുവിന്റെ നിർവചനങ്ങൾക്ക് സ്ഫടിക വ്യക്തത ഉണ്ടായിരുന്നു

■ജാതിനിർണ്ണയം എന്ന കൃതിയിൽ മനുഷ്യജാതി എന്ന ആശയം ഗുരു നിസംശയം അവതരിപ്പിച്ചു.

■ഇനമാർന്ന് ഉടൽ താൻ തന്റെ
യിനമേതെന്ന് ചൊൽകയാൽ
ഇനമേതെന്ന് കേൾക്കില്ല
നിനവും കണ്ണുമുള്ളവർ
- ജാതിലക്ഷണം -

ശരീരം കൊണ്ടുതന്നെ ഏതു ജാതിയാണെന്ന് വെളിവാകയാൽ അറിവും ഉൾക്കാഴ്ചയും ഉള്ളവർ ഒരിക്കലും ഇനമേതാണെന്ന് (ജാതിയേതാണെന്ന് ) ചോദിക്കില്ല.

■മനുഷ്യന്റെ ജാതി മനുഷ്യത്വമാണെന്ന് ഗുരു പറഞ്ഞു.

■ജന്മനാൽ ഉള്ളതും മരണംവരെ വിട്ടുപോകാത്തതും ഏതോ അതാണ് ജാതി .

■തമ്മിൽ പുണർന്നു
പെറുമെല്ലാമൊരിനമാം
[ ഇണചേർന്ന് പ്രസവിക്കുന്നതെല്ലാം ഒറ്റ ജാതി ]
ഗുരുവിന്റെ ഈ വരികൾ കൂടി ഓർമ്മപ്പെടുത്തി.

3 ആയിരക്കണത്തിന് വർഷങ്ങളായി നിലനിന്നിരുന്ന മൂഢാചാരപാരമ്പര്യത്തെയും അന്ധവിശ്വാസത്തെയും ധീരതയോടെ ഇല്ലായ്മ ചെയ്ത് ( ധ്വംസിച്ച് ) സമൂഹജീവിതത്തിൽ വിപ്ലവം സൃഷ്ടിച്ചു.

■കുറിക്കുകൊള്ളുന്ന (ലക്ഷ്യത്തിലെത്തുന്ന) സംഭാഷണങ്ങളിലൂടെയും ലളിതമായ ഉദാഹരണങ്ങളിലൂടെയും ഗുരു അനാചാരങ്ങളെ വിമർശിച്ചു.

4 എല്ലാ മതങ്ങളെയും ഏകത്വത്തിൽ വിലയിപ്പിച്ച തത്വജ്ഞാനി.

■1924 ൽ എറണാകുളത്തുവെച്ച് നടന്ന  ഇന്ത്യയിലെ ആദ്യത്തെ സർവ്വ മത സമ്മേളനത്തിന് നേതൃത്വം കൊടുത്തത് ശ്രീനാരായണ ഗുരുവായിരുന്നു.

■പല മതക്കാർ പങ്കെടുത്ത ആ സമ്മേളനത്തിന്റെ പ്രവേശനകവാടത്തിൽ എഴുതിവെച്ച വാക്യങ്ങൾ ഇതായിരുന്നു.

വാദിക്കാനും ജയിക്കാനുമല്ല
അറിയാനും അറിയിക്കാനുമാണ്.

■ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന പ്രബോധനം നടത്തി.

എല്ലാ മതങ്ങളുടെയും അന്തസത്ത ഒന്നാണെന്ന് ഗുരു പറഞ്ഞു.

■1925 മാർച്ച് 12 ന്  ശിവഗിരി മഠത്തിൽ വച്ച് നടന്ന , മഹാത്മാ ഗാന്ധിയും ശ്രീനാരായണഗുരുവും തമ്മിലുള്ള ചരിത്ര പ്രസിദ്ധമായ കൂടിക്കാഴ്ച്ച ശ്രദ്ധേയമാണ്.

■ഗാന്ധിജിയും ഗുരുവും തമ്മിലുള്ള സംഭാഷണം ഒരു ചരിത്രരേഖയാണ്.

മോക്ഷമാണ് അങ്ങയുടെ ലക്ഷ്യമെങ്കിൽ ഹിന്ദുമതത്തിൽ അങ്ങനെയൊരു സാധ്യതയില്ലേ എന്ന ഗാന്ധിജിയുടെ ചോദ്യത്തിന്
എല്ലാ മതങ്ങളിലും മോക്ഷത്തിനു മാർഗമുണ്ടല്ലോ എന്നാണ് ഗുരു മറുപടി കൊടുത്തത്.

■സംഘർഷങ്ങളുടെ ഈ പുതിയ കാലത്ത് ഗുരുവിന്റെ ജീവിതവും ദർശനവും പുനർ വായിക്കപ്പെടേണ്ടതുണ്ടെന്ന് പ്രസ്താവിച്ചു.

ശ്രീനാരായണഗുരു സന്യാസിമാർക്ക് എന്തുകൊണ്ട് മാതൃകയാകുന്നു എന്നതിന്റെ വസ്തുതകൾ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തി.

തുടർപ്രവർത്തനം

1.ശ്രീനാരായണഗുരുവിന്റെ ജീവിതം നമ്മുടെ സാമൂഹ്യ പരിഷ്കർത്താക്കൾക്ക് മാതൃകയാക്കേണ്ടതാണ്.

ലേഖകൻ അഭിപ്രായത്തിന് അടിസ്ഥാനമായ വസ്തുതകൾ എന്തൊക്കെയാണ് കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

■കുറിപ്പിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ സൂചിപ്പിച്ചു.

■ഗുരു മാതൃകയാകുന്നതിന്റെ വസ്തുതകൾ ഉള്ളടക്കമായി വരണം .

■മാതൃകകളെ ഉദാഹരണങ്ങൾ കൊണ്ട് സ്ഥാപിക്കണം.

■സ്വന്തം നിരീക്ഷണങ്ങൾ ഉൾപ്പെടുത്തണം.

നവാസ് മന്നൻ
GHSS തളിപ്പറമ്പ